# കേരളീയ ആധുനികതയുടെ സംവാദപരിസരവും കഥാപ്രസംഗകലയും : ജനകീയ അരങ്ങിന്റെ വികാസം മുൻനിർത്തിയുള്ള വായന

**ലക്ഷ്മി ശിവൻ**

**പ്രബന്ധസംഗ്രഹം**

പല മാനങ്ങളിലുള്ള ആശയധാരകളുടെ സാകല്യതയിലാണ് ആധുനികത രൂപം കൊള്ളുന്നത്. വ്യതിരിക്തമായ അന്വേഷണങ്ങളുടെ സംവാദസാധ്യതകളെ സാംസ്കാരികചരിത്ര ആലോചനകൾ മുന്നോട്ടുവെയ്ക്കുന്നു. ഇത്തരത്തിൽ പുതിയ ബോധ്യങ്ങളിലേക്ക് മലയാളിയുടെ ജീവിത പരിസരങ്ങളെ പുതുക്കി നിർമ്മിക്കുന്നതിൽ ഇടപെട്ട ഒട്ടനേകം വ്യവഹാരങ്ങളുണ്ട്. ജനാധിപത്യപരമായ സാമൂഹിക ഘടനയ്ക്കു വേണ്ടിയുള്ള സാംസ്കാരിക ഇടപെടലുകളിൽ കലാരംഗത്തെ പരിവർത്തനോന്മുഖമായ സമീപനങ്ങൾ സവിശേഷ പ്രാധാന്യമർഹിക്കുന്നു. വൈവിദ്ധ്യത്തിലൂന്നിയ സാംസ്കാരിക അനുഭവങ്ങളെ അക്കാദമിക അന്വേഷണങ്ങളിലൂടെ ക്രോഡീകരിക്കുന്നതിൽ അദൃശ്യ ചരിത്രത്തിന്റെ പ്രശ്നവത്കരണത്തിലേയ്ക്കുള്ള രാഷ്ട്രീയ മാനങ്ങളുണ്ട്. പാർശ്വസ്ഥമായ ജീവിതാവസ്ഥകളെ അഭിസംബോധന ചെയ്യുകയും സർഗ്ഗാത്മക ബദൽ എന്ന നിലയിൽ കലാപരമായ ഒരു പ്രകടന രൂപത്തെ ചിട്ടപ്പെടുത്തുകയും ചെയ്ത കേരളീയമായ നവോത്ഥാന പരിശ്രമങ്ങളുടെ ഉല്പന്നമാണ് കഥാപ്രസംഗംകല. സാംസ്കാരികവും സാമൂഹികവുമായ അനവധി ഘടകങ്ങളുടെ കലർപ്പിൽ രൂപപ്പെട്ട കേരളീയ ആധുനികതയുടെ സംവാദ പരിസരത്തിൽ കഥാപ്രസംഗകലയിലൂടെ സാധ്യമായ അരങ്ങിന്റെ സാംസ്കാരിക വിനിമയത്തെയും ജനാധിപത്യസങ്കല്പങ്ങളെയും ഈ പ്രബന്ധം വിശകലനത്തിന് ആധാരമാക്കുന്നു.

സമൂഹത്തെ ചലനാത്മകമാക്കിയ ജനകീയ കലാപശ്ചാത്തലത്തിൽ വികസിച്ച കലാരൂപമായതു കൊണ്ടു തന്നെ കഥാപ്രസംഗം മുന്നോട്ടു വച്ച അരങ്ങു സങ്കല്പത്തെ സോവിയറ്റ് കലാ സൈദ്ധാന്തികനായ മിഖായേൽ ബക്തിന്റെ

'കാർണിവൽ ' എന്ന സങ്കല്പനത്തെ അടിസ്ഥാനമാക്കിയാണ് പഠിക്കുന്നത്. ആമുഖവും ഉപദർശനം കൂടാതെ മൂന്ന് ഉപശീർഷകങ്ങളിലൂടെയാണ് പ്രബന്ധം വികസിക്കുന്നത്. ആദ്യ ഭാഗത്ത് കേരളീയ ആധുനികതയുടെ പശ്ചാത്തലത്തെ മുൻ നിർത്തി ജനകീയ അരങ്ങ് എന്ന ആശയത്തെ സമീപിക്കുന്ന ഒന്നാമത്തെ ഉപശീർഷകവും, കാർണിവൽ സങ്കല്പനത്തെ കഥാപ്രസംഗത്തിന്റെ അരങ്ങുമായി ചേർത്തു വായിക്കുന്ന രണ്ടാമത്തെ ഉപശീർഷകവും കഥാപ്രസംഗകല മുന്നോട്ടു വെച്ച അരങ്ങിന്റെ ജനകീയവത്കരണ പ്രക്രിയയുടെ വിശകലനം നടത്തുന്ന മൂന്നാമത്തെ ഉപശീർഷകവും ഉൾകൊള്ളുന്നു.

**താക്കോൽ വാക്കുകൾ:**

കാർണിവൽ,കേരളീയ ആധുനികത,ജനകീയ അരങ്ങ്,കഥാപ്രസംഗം

**കേരളീയ ആധുനികതയും ജനകീയ അരങ്ങ് എന്ന സങ്കല്പനവും**

പശ്ചാത്യ നാട്ടുകളിൽ സംഭവിച്ച സാമൂഹികമാറ്റ പ്രവണതകളെ സാമാന്യമായി ആധുനികത, നവീനത (modernity) എന്നീ സംജ്ഞകൾകൊണ്ട് വിവക്ഷിച്ചു വരുന്നു. ജ്ഞാനോദയകാലത്തെ തുടർന്ന് യൂറോപ്പിന്റെ ചുറ്റുപാടിൽ രൂപപ്പെട്ട സാമൂഹികാവസ്ഥയാണ് ആധുനികത.

കൊളോണിയലിസത്തിന്റെ ഘടനാപരമായ ഇടപെടലുകളിൽ ഫ്യൂഡലിസത്തെ പര്യാലോചിക്കുന്ന സാമൂഹിക അനുഭവമെന്ന നിലയിലാണ് കേരളീയ ആധുനികതയെ സംബന്ധിച്ച ചർച്ചകൾ നീങ്ങുന്നത്. കേരളീയ ആധുനികതയെക്കുറിച്ച് ഒട്ടനേകം ചർച്ചകളും വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്. ആധുനികത പാശ്ചാത്യ പ്രബുദ്ധതയുടെ ചിഹ്നമാണെന്നും കേരളത്തിൽ അത് സംഭവിക്കുന്നത് നവോത്ഥാനമായിട്ടാണെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. (ആധുനികതയെ സംബന്ധിച്ച് സവിശേഷമായ ആലോചനകൾ പങ്കു വെച്ച പാശ്ചാത്യപ്രബുദ്ധതയും ആധുനികോത്തരതയും എന്ന പൗലോസ് മാർഗ്രിഗോറിയോസിന്റെ പ്രബന്ധം )

കേരളീയ ആധുനികതയെ വിമർശനയുക്തിയിൽ രാഷ്ട്രീയ ജാഗ്രതയോടെ പഠിക്കുന്ന പി.പവിത്രൻ വ്യക്തമാക്കുന്നത്, ആധുനികതയിൽ അന്തർഭവിച്ചിരിക്കുന്നത് യൂറോപ്പിന്റെ ആധിപത്യമാണെന്നും മാർക്സിസം, വംശീയതയിലൂന്നുന്ന സാമൂഹികതയെ ഉല്പാദന ഘടനയിലടിസ്ഥാനപ്പെട്ട വിശകലനം കൊണ്ട് മറികടക്കുന്നുണ്ടെന്ന് വിശദീകരിക്കുന്നു. [പവിത്രൻ, 2000: 18 -22 ] കൊളോണിയലിസത്തിലൂടെ പ്രബുദ്ധതയിലൂടെ രൂപപ്പെടുന്ന ആധുനികതയ്ക്ക് പല തലങ്ങളുണ്ടെന്ന് നിരീക്ഷിക്കുകയും ആധുനീകരണപ്രക്രിയകൾ മൂന്നാം ലോകത്തിലേക്ക് കടന്നുവരുന്നത് അതിലൂടെയാണെന്നും ഈ പ്രക്രിയകളെ നവോത്ഥാന ആധുനികത, ദേശീയവാദ ആധുനികത, കീഴാളജനകീയ ആധുനികത എന്നും വേർതിരിച്ച് വിശകലനം ചെയ്യുന്നു. [2000: 37-42] യുക്തിബോധത്തിലൂന്നിയ ചിന്താപദ്ധതികൾ വികസിക്കുകയും മനുഷ്യന് തുല്യ മൂല്യമെന്ന രാഷ്ട്രീയ ആലോചന വ്യക്തികൾക്കും സാമൂഹികഘടനയ്ക്കുമിടയിൽ സംഘർഷങ്ങൾ സൃഷ്ടിക്കുകയും ചെയ്തപ്പോഴാണ് കേരളീയ ജീവത പരിസരം മെച്ചപ്പെട്ട സാംസ്കാരിക മേഖലകളിലേക്ക് ചുവടുവെയ്ക്കുന്നത്. ആധുനികതയെ സാഹിത്യപ്രസ്ഥാനമെന്ന പരിമിതമായ ആലോചനകളിൽ നിന്നും മോചിപ്പിച്ച് ബൃഹത്തായ സാമൂഹികമാറ്റ പ്രവണത എന്ന നിലയിൽ ചരിത്രപരമായി നോക്കി കാണുമ്പോൾ മാത്രമേ രാഷ്ട്രീയ പ്രാധാന്യമുള്ള വായനകൾ സാധ്യമാകൂ.

വ്യതിരിക്തമായ ജ്ഞാനരൂപമെന്ന നിലയിലും സാമൂഹികവികാസ പ്രക്രിയയിൽ ഇടപെടുന്ന വ്യവഹാരമെന്ന നിലയിലും ആധുനികത പ്രവർത്തിച്ചു തുടങ്ങുന്നത് നവോത്ഥാനാനന്തര കാലത്താണ്. കേരളം പോലൊരു പ്രദേശത്ത് അനവധിയായ സംവാദ പ്രക്രിയകളിലൂടെയാണ് ഇത്തരമൊരു സാമൂഹികസാഹചര്യം സാധ്യമായി വരുന്നത്. കൊളോണിയൽ വിരുദ്ധ സമരങ്ങളും സാംസ്കാരിക വിമോചനപ്പോരാട്ടങ്ങളും കൊണ്ട് ഏറെ സംവാദപൂർണ്ണമായിരുന്ന മലയാളിയുടെ പത്തൊൻപതും, ഇരുപതും നൂറ്റാണ്ടുകൾ. സങ്കീർണ്ണമായ ചലനങ്ങൾ സംഭവിച്ച ഈ ഘട്ടത്തിൽ കേരളീയ ജീവിതത്തിന്റെ പരിസരങ്ങളിൽ ബഹുമുഖ പരിവർത്തനങ്ങളാണ് ഉണ്ടായത്. സാഹിത്യത്തിലും കലയിലും ആചാരങ്ങളിലും വിശ്വാസങ്ങളിലും തുടങ്ങി സമസ്ത

ജീവിതമണ്ഡലങ്ങളിലും വ്യത്യസ്തവും നൂതനവുമായ മാറ്റങ്ങളുണ്ടായി. ഈ നൂതനത്വം പ്രായോഗികതയിലേക്ക് കടക്കുന്നത് കലാരംഗത്തെ സർഗ്ഗാത്മക പ്രവർത്തനങ്ങളിലൂടെയാണ്.

നവോത്ഥാനാശയങ്ങളെ തികഞ്ഞ രാഷ്ട്രീയ ജാഗ്രതയോടെ ജനങ്ങളിലേക്കെത്തിക്കാൻ സാധിച്ചത് പ്രകടനകലകളിലൂടെയാണ്. മാനവികമായ സമത്വബോധത്തെ ജനസാമാന്യത്തിനിടയിലെത്തിക്കാൻ നിർണ്ണായകമായ ഇടപെടലാണ് കഥാപ്രസംഗവും നാടകവുമടങ്ങുന്ന കലകൾ നിർവ്വഹിച്ചത്. നാടകങ്ങൾ നവോത്ഥാന പ്രതിബദ്ധതയിലൂന്നിയ അരങ്ങിനെ മുന്നോട്ട് വെയ്ക്കുന്നത് നമ്പൂതിരി നാടകങ്ങളുടെ വരവോടു കൂടിയാണ്. 1930 ൽ വിടി യുടെ അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്, 1931ൽ എം.ആർ.ബിയുടെ മറക്കുടയ്ക്കുള്ളിലെ മഹാനരകം, 1938 ൽ എം.പി.ബിയുടെ ഋതുമതി എന്നീ നാടകങ്ങൾ വലിയ സ്വാധീനം ചെലുത്തി. ലിഖിത രൂപത്തിലുള്ള നാടക സാഹിത്യം മലയാളത്തിൽ ശ്രദ്ധേയമായിരുന്നെങ്കിലും ചലനാത്മകമായ അരങ്ങിന്റെ പ്രകടന സാധ്യതകളെ പ്രയോജനപ്പെടുത്തിയിരുന്നില്ല. അയിത്തോച്ചാടന പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ സ്വാധീനം ചെലുത്തിയിരുന്ന ഘട്ടത്തിൽ കേരളമൊട്ടാകെ ക്ഷേത്ര പ്രതിഷ്ഠകൾ നടന്നിരുന്നു. 1921 ൽ തിരുവനന്തപുരം ജില്ലയിലെ കോവളത്തിനടുത്ത് കുന്നുപാറ ക്ഷേത്രത്തിൽ ശ്രീനാരായണ ഗുരു പ്രതിഷ്ഠ നിർവ്വഹിച്ച സന്ദർഭത്തിൽ സത്യദേവനെന്ന ഭാഗവതർ മാർകണ്ഡേയചരിതം ഹരികഥാകാലക്ഷേപം അവതരിപ്പിച്ചു. പൗരാണിക പരിസരത്തിലുള്ള അവതരണത്തോട് വിയോജിപ്പുകളും അഭിപ്രായപ്രകടനങ്ങളുമുണ്ടായി. സാമൂഹിക സംവദനത്തിന് ജനങ്ങളെ പ്രാപ്തരാക്കുന്ന നവോത്ഥാന പ്രതിബദ്ധതയിലൂന്നിയ കഥാകഥനത്തെക്കുറിച്ചുള്ള രാഷ്ട്രീയചിന്ത സഹോദരനയ്യപ്പനും, പണ്ഡിറ്റ് കെ.പി കറുപ്പനും, പല്പുവുമടക്കമുള്ളവർ പങ്കുവെയ്ക്കുകയും ചെയ്തു. കേരളീയമായ സാംസ്കാരിക നവോത്ഥാന പരിശ്രമങ്ങളെ പ്രായോഗിതലത്തിലെത്തിക്കാൻ സ്വീകാര്യമായ മാർഗ്ഗമിതാണെന്ന് ശ്രീനാരായണ ഗുരുവിനും ബോധ്യപ്പെട്ടു. "നീ ജനങ്ങളെ കഠിനമായി ആക്ഷേപിക്കരുത്. ധർമ്മ വിരുദ്ധമായ രാജനീതിയെയും, ഹൈന്ദവധർമ്മത്തിന്റെ പേരു

പറഞ്ഞ് പുരോഹിതന്മാരായ ബ്രാഹ്മണരും മറ്റും നടത്തുന്ന അനാചാരങ്ങളേയും സഭ്യമായ ഭാഷയിൽ അധിക്ഷേപിക്കാം. മതം സ്വഭാവശുദ്ധിയുള്ളവരുടെ ആരാധനാകേന്ദ്രമാണ്. എല്ലാ മതങ്ങളും നല്ലതു തന്നെ. ഏതു മതമായാലും മനുഷ്യൻ നന്നാകണം. നീ യുക്തിപൂർവ്വം പ്രസംഗിച്ച് ജനങ്ങൾക്ക് ഉണർവുണ്ടാക്കണം. ഇത് നല്ല അവസരമാണ്" - ശ്രീ നാരായണ ഗുരു. [ സുരേന്ദ്രൻ, 2012:145] ഗുരുവിന്റെ ഉപദേശത്തോടൊപ്പം കുമാരനാശാന്റെ പിന്തുണയും കൂടി ലഭിച്ചപ്പോൾ സത്യദേവൻ ഏറ്റെടുത്ത ഉദ്യമമാണ് കഥാപ്രസംഗകലയെ രൂപപ്പെടുത്തിയത്. സാമൂഹിക പരിഷ്കരണ ലക്ഷ്യത്തിലേക്ക് അടിസ്ഥാന ജനവിഭാഗങ്ങളെ ഏകോപിപ്പിക്കണമെങ്കിൽ അതിനു സാധ്യമാകുക അവരോട് നേരിട്ടിടപ്പെട്ട് ഉദ്ബുദ്ധരാക്കാൻ മട്ട് പ്രസംഗിച്ചു പോകുന്നതിനാണെന്ന് കുമാരനാശാൻ ഉറപ്പിച്ചു. കാരണം അക്ഷരമറിയുന്ന ഒരു ചെറിയ ശതമാനം മാത്രമെ അരികുവത്കരിക്കപ്പെട്ട മനുഷ്യർക്കിടയിലുള്ളൂ. സാഹിത്യരചനകളെ അതിന്റെ അന്തസാരം മനസ്സിലാക്കി സംവാദപരമാക്കാൻ അവർക്ക് സാധിക്കുകയില്ല എന്നുള്ളത് കൊണ്ടാണ്, കഥാപ്രസംഗകനായ സത്യദേവനെ മുന്നിൽ കണ്ടു കൊണ്ട് പ്രചരണപരമായ ലക്ഷ്യത്തോടു കൂടി കുമാരനാശാൻ ചണ്ഡാലഭിക്ഷുകി എഴുതുന്നത്. [സാനു,2013:106] തുടർന്ന് 1924 ൽ എറണാകുളം ജില്ലയിലെ പറവൂരിൽ ചേന്ദമംഗലത്തിനടുത്ത് സാമൂഹികപരിഷ്കർത്താവായ കേളപ്പനാശാന്റെ സേവപ്പന്തലിൽ കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി എന്ന ഖണ്ഡകാവ്യത്തിന് സത്യദേവൻ കഥാകഥനഭാഷ്യം നൽകി. പുതിയ കലാരൂപത്തിന് കഥാപ്രസംഗം എന്ന പേരു നൽകിയത് സി.എ കുഞ്ഞിരാമൻ എന്ന വ്യക്തിയാണ്. പണ്ഡിറ്റ് കെ.പി കറുപ്പൻ ഗാനങ്ങളും എഴുതി നൽകി.

സത്യദേവനെ തുടർന്ന് സ്വാമി ബ്രഹ്മവ്രതൻ, എംപി മന്മഥൻ, കെ കെ വാധ്യാർ, ജോസഫ് കൈമാപറമ്പൻ തുടങ്ങി അനേകം കലാകാരന്മാർ കാഥികരായി രംഗത്തു വരികയും കഥാപ്രസംഗ കലയെ സവിശേഷമായി സമീപിക്കുകയും ചെയ്തു. നിരക്ഷരരായവർക്ക് ഉൾക്കൊള്ളാൻ പാകത്തിൽ മഹാകവികളുടെ ഖണ്ഡകാവ്യങ്ങളെ മാറ്റപ്പെടുത്തി കഥാപ്രസംഗ വേദികളിൽ സജീവമായി അവതരിപ്പിക്കുന്നതിന്

കെ കെ വാധ്യാരാണ് സവിശേഷമായി ഇടപെട്ടത്. കുമാരനാശാന്റെ ഖണ്ഡകാവ്യങ്ങളെ സമകാലിക പ്രസക്തി കണക്കിലെടുത്തുകൊണ്ട് സാഹിത്യ ഭംഗിയും കാവ്യഭംഗിയും നിലനിർത്തി ചിട്ടപ്പെടുത്തി കഥാപ്രസംഗ കലയ്ക്ക് രൂപപരമായി പുതുമ നൽകാൻ വാധ്യാർക്ക് കഴിഞ്ഞു. ഏറ്റവും കൂടുതൽ വേദികളിൽ അവതരിപ്പിക്കപ്പെട്ടത് വള്ളത്തോളിന്റെ ഖണ്ഡകാവ്യമായ മഗ്ദലനമറിയമാണ്. ജോസഫ് കൈമാപറമ്പനായിരുന്നു മഗ്ദലന മറിയത്തിന്റെ കഥാവതരണത്തിൽ ശ്രദ്ധേയനായത്. കഥാപ്രസംഗ കലയിലൂടെ സാമൂഹിക വളർച്ച സാധ്യമായി വരുന്ന ഘട്ടത്തിലാണ് സാംബശിവനും കെടാമംഗലവും അടങ്ങുന്ന രണ്ടാം തലമുറ കാഥികർ പുതിയ കലയിൽ ആകൃഷ്ടരാകുന്നത്. കഥാപ്രസംഗത്തിന്റെ ജനകീയതയ്ക്ക് ശക്തമായ അടിത്തറ പാകുന്നതും സാംസ്കാരികപരിവർത്തന പ്രക്രിയയിൽ കഥാപ്രസംഗത്തിന്റെ സ്വാധീനം പ്രകടമാകുന്നതും ഈ ഘട്ടത്തിലാണ്. നവോത്ഥാന മൂല്യങ്ങൾ മുന്നോട്ട് വെച്ച കഥാപ്രസംഗകലയ്ക്ക് സമതുലിതമായ അരങ്ങു ബോധത്തെ വിഭാവനം ചെയ്യാൻ ആലപ്പി ഐഷാബീഗം, റംഗല ബീഗം, വെളിയനല്ലൂർ വസന്തകുമാരി, മയ്യനാട് ഇന്ദിരാ വിജയം എന്നീ കാഥികമാരും സജീവമായി രംഗത്തുണ്ടായിരുന്നു.

ജാത്യതീതമായ ഒത്തുചേരലിന്റെ പ്രതിരോധമാണ് ജനകീയ അരങ്ങ് എന്ന സങ്കല്പത്തിലൂടെ കേരളീയമായ നവോത്ഥാനാശയങ്ങൾ സാർത്ഥകമാക്കിയത്. കഥാപ്രസംഗകല അതിന്റെ രൂപസംവിധാനത്തിലൂടെ നവോത്ഥാന പ്രതിബദ്ധതയിലൂന്നി അരങ്ങിനെ ജനകീയവത്കരിച്ചു.

**കാർണിവലിന്റെ കേരളീയ പരിസരവും കഥാപ്രസംഗകലയും**

ബഹുസ്വരമായ ഒട്ടനേകം കലാരൂപങ്ങളും അരങ്ങും കേരളീയ പശ്ചാത്തലത്തിലുണ്ട്. കൂട്ടായ്മകളുടെ ജനാധിപത്യ വേദികളെ സാധ്യമാക്കുന്ന കേരളത്തിന്റെ കലാപരിസരം വികസിച്ചു വന്നതിൽ സുപ്രധാന പങ്ക് വഹിച്ച കലാരൂപമാണ് കഥാപ്രസംഗം. പ്രകടനകലാരൂപമായ കഥാപ്രസംഗത്തിന്റെ അരങ്ങിനെ കാർണിവൽ സങ്കല്പനത്തിൽ വിശകലനം ചെയ്യുകയാണ്.

ബക്തിൻ ആഹ്ലാദമേള/ഉത്സവമേള എന്ന് വിശേഷിപ്പിക്കുന്ന കാർണിവൽ സങ്കല്പം എല്ലാ വിധത്തിലുമുള്ള ആധിപത്യ പ്രവണതകളേയും റദ്ദ് ചെയ്യുന്നു. ജനകീയ ഉത്സവമെന്ന നിലയ്ക്ക് ജനങ്ങൾക്ക് സ്വതന്ത്രമായ പശ്ചാത്തലത്തെ സാധ്യമാക്കുന്നതാണ് കാർണിവൽ. യൂറോപ്യൻ സംസ്കാരവുമായി ബന്ധപ്പെട്ട അനുഷ്ഠാനമായ കാർണിവലിന്റെ സവിശേഷത റോമൻ കാത്തലിക്ക് പള്ളിയുടെയും അതിന്റെ അധികാര പരിധികളെയും മാറ്റി നിർത്താൻ കഴിയുന്ന സാഹചര്യമുണ്ടാക്കുന്നു എന്നതാണ്. മതാത്മകതയ്ക്ക് അതീതമായിട്ടാണ് കാർണിവൽ നിലകൊള്ളുന്നത്. "മധ്യകാല യൂറോപ്പിലെ ജനകീയ ഉത്സവങ്ങളാണ് കാർണിവലുകൾ. ഒട്ടും ഔദ്യോഗികമല്ലാതെ വിലക്കുകളില്ലാതെ ജനങ്ങൾ ഒത്തുചേരുന്ന ആഹ്ലാദമേളകളിൽ ദൈവഭക്തിയും മിസ്റ്റിസിസവും കളിയാടിയിരുന്നില്ല. പള്ളിക്കും മഠത്തിനും പുറത്തു നിൽക്കുന്നതാകയാൽ സ്തോത്രങ്ങൾ ആലപിക്കപ്പെട്ടിരുന്നുമില്ല. ആഹ്ലാദ മേള അവർക്ക് ജീവിതം തന്നെയായിരുന്നു. കോമാളിയും അടിമയും കാർണിവലിൽ എല്ലാ ഗരിമകളോടെയും രാജാവായി അവരോധിക്കപ്പെടുന്നതും തുടർന്ന് നാണം കെടുത്തി സ്ഥാനഭ്രഷ്ടനാക്കുന്നതും കാർണിവലിന്റെ സുപ്രധാന ചടങ്ങുകളാണ്". (ശിവദാസ്, 2010: 137 ) Rabelias and his world എന്ന കൃതിയിലാണ് ബക്തിൻ കാർണിവലിനെ കുറിച്ചുള്ള സങ്കല്പം അവതരിപ്പിക്കുന്നത്. വിവിധ ധ്വനികളും ശബ്ദങ്ങളും നോവലിന്റെ പാഠതലത്തിൽ നടത്തുന്ന സംഘട്ടനം ഒരു തരം പ്രത്യയശാസ്ത്രപരമായ മത്സരമായാണ് ബക്തിൻ കാണുന്നത്. പ്രത്യയശാസ്ത്ര മേഖലയിലെ അധീശത്വത്തിനു വേണ്ടിയുള്ള ഈ മത്സരത്തിൽ പ്രത്യേക കൃതികൾ മാത്രമല്ല, സാഹിത്യഗണങ്ങളും (geners) പങ്കെടുക്കുന്നു. ഇത്തരമൊരു പ്രകരണത്തിലാണ് ഉത്സവമേള (carnival) യെക്കുറിച്ചുള്ള ബക്തിന്റെ സങ്കല്പങ്ങൾ പ്രസക്തമാകുന്നത്. ( രവീന്ദ്രൻ,ശശി, 2022:41) ഫ്രാൻകോയിസ് റബേലിയസ് എന്ന ഫ്രഞ്ച് നോവലിസ്റ്റിന്റെ കൃതികളെ ആധാരമാക്കിയാണ് ബക്തിൻ തന്റെ നിരീക്ഷണങ്ങൾ മുന്നോട്ടു വെയ്ക്കുന്നത്. ഭരണവർഗ്ഗത്തെ സറ്റയറിലൂടെ വിമർശിക്കുന്ന ഘടന ഫ്രാൻകോയിസിന്റെ എഴുത്തുകളിലുണ്ട്. മധ്യകാലഘട്ടത്തിലെ കാർണിവലുകളെ രാഷ്ട്രീയ ബോധ്യത്തോടെ നിരീക്ഷിക്കുന്ന ബക്തിൻ ഭരണവർഗ്ഗ

പ്രത്യയ ശാസ്ത്രത്തെ പ്രതിരോധിക്കുന്ന ജനകീയ വ്യവഹാര പാരമ്പര്യം വിശകലനം ചെയ്യുന്നു. പതിവിൽ നിന്ന് വിപരീതമായ സവിശേഷ ദിനമാണ് കാർണിവലുകളുടേത്. പ്രത്യേകമായ ഈയൊരു സമയത്തെ രൂപപ്പെടുത്തുന്ന അധികാരബോധവും അതിന്റെ പിന്നിലെ രാഷ്ട്രീയവും സൂക്ഷ്മമായി പഠിക്കുന്ന ബക്തിൻ വിശദീകരിക്കുന്നത്, ചൂഷിതരാകുന്ന കീഴാളരുടെ ഐക്യബോധത്തെ ഭയക്കുകയും അവർക്ക് തങ്ങളിൽ മതിപ്പുള്ളവാക്കാൻ ബോധപൂർവ്വം ഒരു സാഹചര്യമൊരുക്കി കൊടുക്കുകയാണ് അധികാരി വർഗ്ഗം. എന്നാൽ പള്ളിയുടെ അധികാരദണ്ഡിനെ ക്രിയാത്മകമായി പ്രതിരോധിക്കുന്ന ജനകീയമായ കൂട്ടത്തെ കാണാൻ സാധിക്കുന്നു എന്നുള്ളതാണ് ക കാർണിവലുകളിൽ നിന്നു സ്വാംശീകരിച്ച ഉത്സവീകരണത്തിലൂടെ (carnivalization) യൂറോപ്യൻ ജനത സാധ്യമാക്കിയത്. നവോത്ഥാനകാലത്തിനു ശേഷമുള്ള യൂറോപ്പിന്റെ സാമൂഹികസാംസ്കാരിക വ്യവഹാരങ്ങളുടെ വികാസവും സംഘർഷങ്ങളും പരിണാമങ്ങളുമാണ് ബക്തിനിവിടെ നിരീക്ഷിക്കുന്നത്. അധികാരപരമായ നിയന്ത്രണങ്ങളെ റദ്ദ് ചെയ്യുന്നതും അരികുവത്കരിക്കപ്പെട്ടവരുടെ അവകാശ ബോധങ്ങളെ ഉണർത്തുന്നതും ഹാസ്യാത്മകമായ ജീവിത വിമർശനത്തിലൂടെ സാമൂഹികവ്യവസ്ഥയെ വിമർശിക്കുന്നതുമായ കലാപ്രകടനങ്ങളാണ് ഉത്സവമേള (Carnival) വിവക്ഷിക്കുന്നത്. അധികാരത്തെ ജനാധിപത്യപരമായി വിതരണം ചെയ്യാൻ കഴിയുന്ന സാധ്യത കാർണിവലിനുണ്ട്. കാണിയെ കർത്തൃത്വ പദവിലേക്കുയർത്തുന്ന പ്രകടനപരത കാർണിവൽ സവിശേഷതയാണ്. എല്ലാവർക്കും പങ്കാളികളാവാൻ കഴിയുന്ന ഉത്സവമേളയിൽ ജനങ്ങൾ തന്നെ കാർണിവലായി മാറുന്നത് സമതുലിതമായ കാഴ്ചപ്പാടിനെ മുന്നോട്ടു വെയ്ക്കുന്നു.

വിമോചനബോധത്തിന്റെ രാഷ്ട്രീയ പരിസരത്തിലാണ് കേരളത്തിന്റെ കലകൾ കാർണിവൽ സംസ്കാരത്തിലേക്ക് ഉയരുന്നത്. നവോത്ഥാനവും അനുബന്ധ പരിവർത്തനങ്ങളും സൃഷ്ടിച്ച സംവാദ സാധ്യതകളിലൂടെ കലാരൂപങ്ങൾ വ്യവസ്ഥകൾക്കെതിരെയുള്ള സർഗ്ഗാത്മക പ്രതിരോധം ദൃശ്യതയിലേക്ക് എത്തിച്ചു.

എന്നാൽ നാടൻ കലാരൂപങ്ങളും ചില അനുഷ്ഠാന കലാരൂപങ്ങളും ജനകീയമായ പ്രകടന സാധ്യതകളിലേക്ക് കടക്കുന്നുമുണ്ട്. എന്നിരുന്നാൽ തന്നെയും ജനകീയ അരങ്ങിനെ പ്രയോഗികമാക്കിയത് കേരളീയമായ ആധുനിക ബോധ്യങ്ങളാണ്. 'കാളിയൂട്ടെന്ന ഭദ്രകാളിക്ഷേത്രങ്ങളിലരങ്ങേറുന്ന കലയ്ക്ക് കാർണിവൽ ഘടകങ്ങളോട് പ്രത്യക്ഷബന്ധമുണ്ട്. തെക്കൻ കേരളത്തിലെ നെടുംകുതിരയെടുപ്പുകളും, ഹസ്യാനുകരണമായപൊറാട്ടും, പാലക്കാട്ടു ജില്ലയിലെ അനുഷ്ഠാനാത്മക കലയായ കണ്യാർകളിയും, നാടോടി നാടകങ്ങളിൽപ്പെടുന്ന കോതാമ്മൂരിയാട്ടവും, കാക്കാരിശ്ശി നാടകവും കേരളീയമായ കാർണിവലിസ്റ്റിക് സ്വഭാവത്തെ മുന്നോട്ടുവെയ്ക്കുന്നവയാണ്".1 വരേണ്യയുക്തിയിലൂന്നിയ കലാധാരകളോടുള്ള പ്രത്യക്ഷമായ സമരവും അധികാര വ്യവസ്ഥകളെ സൗന്ദര്യാത്മകമായി പ്രതിരോധിക്കുന്ന പ്രകടന ഭാഷയുടെ അരങ്ങിനെ ആദ്യമായി മുന്നോട്ടു വെച്ചത് ഓട്ടൻതുള്ളലിലൂടെ കുഞ്ചൻ നമ്പ്യാരാണ്. എന്നാൽ പൗരാണിക ഇതിവൃത്ത പരിസരത്തിൽ സംവിധാനം ചെയ്യപ്പെട്ടതു കൊണ്ടു തന്നെ തുള്ളലിന് ചില പരിമിതികളുണ്ടായിരുന്നു. നവോത്ഥാനത്തിന്റെ രാഷ്ട്രീയ യുക്തിയെ സംവാദപരവും ജനാധിപത്യപരവുമായി ചർച്ച ചെയ്യിച്ചത് കഥാപ്രസംഗവും, നാടകവുമടങ്ങുന്ന കലാരൂപങ്ങളാണ്.

ജനാധിപത്യപരമായ സംവാദസാഹചര്യങ്ങളെ രൂപപ്പെടുത്തികൊണ്ടാണ് കാർണിവൽ സമവാക്യങ്ങളിൽപ്പെടുന്ന അരങ്ങു ബോധത്തെ കഥാപ്രസംഗകല മുമ്പോട്ടുവെയ്ക്കുന്നത്. കാഥികനും പ്രേഷകനും തമ്മിലുള്ള പരസ്പര വിനിമയം കഥാപ്രസംഗകലയുടെ പ്രത്യേകതയാണ്. അവതരണ സന്ദർഭത്തിൽ കാണിയോട് ഇടപെട്ട് വികസിക്കുന്ന പശ്ചാത്തലം കഥാപ്രസംഗരൂപത്തിനുണ്ട്. പാട്ടുകളേയും കഥാഖ്യാനത്തിന്റെ മട്ടിനേയും സാന്ദർഭികമായി ക്രമപ്പെടുത്താൻ കാഥികൻ /കാഥികയ്ക്ക് സാധിക്കുന്നു. കഥയും കഥാപ്രസംഗവുമെന്ന പുസ്തകത്തിൽ കാഥികൻ ജോസഫ് കൈമാപറമ്പൻ പങ്കുവെയ്ക്കുന്ന അനുഭവം ശ്രദ്ധേയമാണ്. മൃണാളിനി എന്ന ഉള്ളൂരിന്റെ ഖണ്ഡകാവ്യം കഥാപ്രസംഗമായി അവതരിപ്പിച്ച സന്ദർഭത്തിൽ അവതരണത്തിനു ശേഷം കാണികളിൽ നിന്ന് ഒന്നു രണ്ടു പേർ കടന്നുവന്ന് ഒരു പേപ്പർ സമർപ്പിച്ചു.

ഇതിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ പന്ത്രണ്ടുപേർ മേലിൽ മദ്യപിക്കുകയില്ലെന്ന് സത്യസന്ധമായി അറിയിച്ചു കൊള്ളുന്നു. [ ജോസഫ്, 1998: 29 ] മദ്യാസക്തിയുടെ ദൂഷ്യ ഫലം വ്യക്തമാക്കുന്ന ഇതിവൃത്തമായിരുന്നു മൃണാളിനിയുടേത്. കഥാപ്രസംഗം കാണികളിൽ ചെലുത്തിയ സംവാദത്തിന്റെ പ്രതിഫലനമാണ് സദസ്സിൽ നിന്നുമുണ്ടായത്. അടിയന്തരാവസ്ഥയുടെ രാഷ്ട്രീയ സാഹചര്യത്തിൽ സാംബശിവൻ അവതരിപ്പിച്ച ഇരുപതാംനൂറ്റാണ്ട് ഭരണകൂട ഫാസിസത്തിനെതിരെയുള്ള കടുത്ത വിമർശനമായിരുന്നു. ബിമൽമിത്രയുടെ ഇരുപതാം നൂറ്റാണ്ടെന്ന നോവലിനെ അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ച സർക്കാരിനെതിരെയുള്ള കലാപരമായ പ്രതിരോധത്തിന്റെ ആയുധമെന്ന നിലയ്ക്ക് സാംബശിവൻ ചിട്ടപ്പെടുത്തിയത് സാന്ദർഭികമായ രാഷ്ട്രീയ ചുറ്റുപാടുകളേയും കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ്. അടിയന്തരാവസ്ഥക്കാലത്തെ സഞ്ജയ് ഗാന്ധിയുടെ മാരുതികാർ സംരംഭത്തെ പ്രത്യക്ഷമായി തന്നെ വിമർശിക്കുന്നുണ്ട്. കൂട്ടമായിരുന്ന് കലാസ്വാദനത്തിന് അവസരമൊരുക്കുന്ന ഇടം അവസര സമത്വത്തെക്കുറിച്ചും, സാമൂഹികവും സാംസ്കാരികവുമായ വിമോചനത്തെക്കുറിച്ചും കലയുടെ സൗന്ദര്യാത്മക പരിസരത്തിൽ സംസാരിച്ചത് കാണിയെ സംബന്ധിച്ച് ജനാധിപത്യപരമായ ജീവിത ക്രമത്തിലേക്കുള്ള വഴി കൂടിയായിരുന്നു. വ്യക്തിയ്ക്കും സമൂഹത്തിനുമിടയിൽ ആന്തരികമായ സംഘർഷം രൂപപ്പെടുത്താൻ സാധിക്കുന്ന മാധ്യമമെന്ന നിലയിലാണ് മേൽകോയ്മയുടെ ചുറ്റുപാടുകളെ റദ്ദ് ചെയ്യേണ്ടുന്നതിന്റെ പ്രാധാന്യത്തെ കാഥാപ്രസംഗകല മുന്നോട്ടു വെച്ചത്. ലംബമാനമായ വേദിയിലാണ് കഥപറയുന്നതെങ്കിലും, പരോക്ഷമായിട്ടാണെങ്കിലും തീരശ്ചീനമായി കാണിയിലേക്ക് ഇറങ്ങി വികസിക്കുന്ന ആഖ്യാനസ്വഭാവം കാഥാപ്രസംഗത്തിന്റെ കാർണിവൽ പ്രകൃതത്തെ മുന്നോട്ടുവെയ്ക്കുന്നു. എല്ലാവിധമായ ആഢ്യകാഴ്ചപ്പാടുകളേയും ചോദ്യം ചെയ്യുന്ന സജീകരണമാണ് പ്രമേയം മുതൽ അതിനെ ചലിപ്പിക്കുന്ന പശ്ചാത്തലം വരെയുള്ള കഥാപ്രസംഗകലയുടെ ഘടന. ഹാർമോണിയവും, ഗഞ്ചിറയും, ചാപ്ലാകട്ടയുമായിരുന്ന കഥാപ്രസംഗകലയ്ക്ക് ആദ്യ ഘട്ടത്തിലുണ്ടായിരുന്ന സുപ്രധാന

വാദ്യങ്ങൾ. അഭിജാതമായ സംഗീതപാരമ്പര്യബോധത്തിനു പുറത്തു നിന്നിരുന്ന ഇവ കഥാപ്രസംഗം തെരഞ്ഞെടുത്തതിനു പിന്നിൽ കഥാപ്രസംഗ കലയുടെ രാഷ്ട്രീയ ജാഗ്രത ദൃശ്യമാണ്. വിശുദ്ധമായ വരേണ്യതക്കെതിരെയുള്ള ക്ഷോഭമെന്ന കാർണിവൽ സങ്കല്പനത്തോട് ചേർന്നു നിൽക്കുന്ന സാമൂഹിക മനോഘടനയാണ് കഥാപ്രസംഗം ഇവിടെ സ്വീകരിച്ചിരിക്കുന്നത്. കഥാപ്രസംഗകല കലയുടെ സർഗ്ഗാത്മകമായ ബദൽ രൂപമാകുമ്പോൾ തന്നെ അധീശവർഗ്ഗ പ്രത്യയശാസ്ത്രത്തെ ക്രിയാത്മകമായി പ്രതിരോധിക്കുന്ന രാഷ്ട്രീയ സ്വഭാവത്തിലേക്ക് ഉയരുന്നത് യൂറോപ്യൻ സാഹചര്യത്തിൽ ബക്തിൻ മുന്നോട്ടു വെയ്ക്കുന്ന ഉത്സവീകരണം (carnivalisation) എന്ന പ്രക്രിയ നവോത്ഥാന പരിശ്രമങ്ങളുടെ ഫലമായി കേരളീയ സാഹചര്യത്തിൽ സംഭവിച്ചതു കൊണ്ടാണ്.

കേരള ജനതയുടെ കാർണിവൽ ബോധത്തെ മനശാസ്ത്രപരമായി നേരിടാനുള്ള മികച്ച ഉപാധിയാണ് കേരളത്തിലെ അനുഷ്ഠാനങ്ങൾ. കാളിയൂട്ടിലെ അഞ്ചും ആറും ദിവസങ്ങൾ കാർണിവൽ ഉത്സവത്തിലെ രംഗങ്ങളെ ഓർമ്മിപ്പിക്കുന്നു. അതുപോലെ പൊറാട്ടിലും കാർണിവൽവൽക്കരത്തിലെ സ്വഭാവ സവിശേഷതകൾ കാണാം. പ്രേക്ഷകന് സംഭാഷണത്തിലും പാത്ര വ്യാപാരണത്തിലും ഇടപെടാൻ കഴിയുന്ന കഥാപാത്രമായി മാറുവാൻ അവസരം ലഭിക്കുന്നു. വട്ടക്കളി മാത്രമായിരുന്ന കണ്യാർകളി കാർണിവലിന്റെ സ്വഭാവം കൈവരിക്കുന്നത് പൊറാട്ടുകൾ കൂടി ഉൾപ്പെടുത്തിയപ്പോഴാണ്. കോതാമ്മൂരിയാട്ടത്തിൽ അവതരിപ്പിക്കുന്ന പനിയന്മാരുടെ ഹാസ്യാനുകരണങ്ങളും നർമോക്തികളും സാമൂഹികവിമർശനത്തിന്റെ സ്വഭാവത്തെ മുന്നോട്ടുവെയ്ക്കുന്നതോടെ കാർണിവൽ സംസ്കാരത്തിലേക്ക് ഉയരുന്നു.

**കഥാപ്രസംഗകലയും അരങ്ങിന്റെ ജനകീയവത്കരണവും**

ആധുനിക വിദ്യാഭ്യാസവും പുതിയ ലോകബോധവും സൃഷ്ടിച്ച ജ്ഞാനപരിസരത്തിൽ, സമൂഹത്തിലെ സങ്കീർണമായ ഒരു പ്രശ്നത്തോടുള്ള സമീപനമാണ് കഥാപ്രസംഗകലയുടെ സംവിധാനത്തിനകത്തുള്ള ചരിത്രവസ്തുത. ആദ്യ

അവതരണം മുതൽ കഥാപ്രസംഗം അഭിസംബോധന ചെയ്യുന്ന കാണി അടിസ്ഥാനവർഗ്ഗമാണ്. കഥാപ്രസംഗകല ലക്ഷ്യമാക്കുന്ന കേന്ദ്രം ജനാധിപത്യപരമായ ആസ്വാദന സാഹചര്യവും പ്രബോധനപരമായ ആശയ സംവാദങ്ങളുമാണ്. അത് കഥാപ്രസംഗത്തിന്റെ രൂപസംവിധാനത്തിലൂടെ കാണിയിൽ സ്വാധീനം ചെലുത്തുന്നു . അനുഷ്ഠാനേതരമായ പ്രകടനകലയെന്ന നിലയ്ക്കാണ് കേരളീയമായ നവോത്ഥാന പ്രക്രിയയിൽ കഥാപ്രസംഗം സജീവമാകുന്നത്. പുതിയ സമീപനങ്ങളെ സാമൂഹിക മുന്നേറ്റങ്ങൾക്കായി എങ്ങനെ രൂപപ്പെടുത്തുമെന്ന ധൈഷണികമായ ആലോചനകളാണ് നൂതനമായ ആശയങ്ങളിലേക്കും കഥാപ്രസംഗം അടക്കമുള്ള കലാവിഷ്കാരങ്ങളിലേക്കും നീങ്ങുന്നത്.

സാമൂഹിക അസമത്വങ്ങളെ പ്രശ്നവൽക്കരിക്കുക എന്ന രാഷ്ട്രീയ ലക്ഷ്യത്തെ കഥാപ്രസംഗകല സാധ്യമാക്കുന്നത് അരങ്ങിന്റെ സ്വതന്ത്ര സംവാദത്തിലൂടെലാണ്. അക്ഷരാഭ്യാസമില്ലാത്ത ഗ്രാമീണ ജനതയ്ക്ക് മുമ്പിൽ ലോക ക്ലാസിക്കുകളും മലയാള സാഹിത്യത്തിലെ തന്നെ സങ്കീർണമായ കവിതകളും മറ്റും ആസ്വാദ്യകരമായി അവതരിപ്പിക്കുന്ന സുഗ്രാഹ്യമായ ശൈലി കഥാപ്രസംഗകല വികസിപ്പിച്ചെടുത്തു.

വില്യംഷേക്സ്പിയറുടെ ഒഥല്ലോ എന്ന നാടകം സാംബശിവൻ കഥാപ്രസംഗമായി അവതരിപ്പിച്ചപ്പോൾ കേരളീയമായ സാമൂഹ്യ സാഹചര്യങ്ങളോട് അത് പല വിധത്തിൽ സംവദിച്ചു. ഉന്നതവിദ്യാഭ്യാസം സാധ്യമായവർക്ക് മാത്രം അറിയാൻ കഴിയുന്ന ഒഥല്ലോയുടെ കഥ മലയാളിയുടെ ജീവിതപരിസരത്തിൽ ചർച്ച ചെയ്യിച്ചതും ഏറ്റുപാടിച്ചതും സാംബശിവന്റെ കഥാപ്രസംഗ ആവിഷ്കാരമാണ്. കഥാപാത്രപരിചയം മുതൽ കഥാസന്ദർഭങ്ങളെ കൈകാര്യം ചെയ്യുന്നത് വരെ ഒഥല്ലോയെ ചിട്ടപ്പെടുത്തിയത് കേരളീയമായ ദേശ ചിഹ്നങ്ങളെയും നാട്ടുഭാഷാ വഴക്കത്തെയും പരിഗണിച്ചുകൊണ്ടാണ്. ഷേക്സ്പിയർ നാടകത്തിൽ ഉപയോഗിച്ചിരിക്കുന്ന വെനീസിലെ ഡ്യൂക് എന്ന പരാമർശം സാംബശിവൻ കഥാപ്രസംഗ ശരീരത്തിനകത്ത് രാജാവ് എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. കഥാപരിസരത്തെ കൂടുതൽ ലളിതവും

സ്വീകാര്യവുമാക്കുവാൻ വേണ്ടി കഥാപാത്രങ്ങളുടെ പേരുകളിലും മാറ്റം വരുത്തുന്നുണ്ട്. ഡെസ്ഡമോണയെ ഡസ്ഡമൺ എന്നും, ഡെസ്ഡമണയുടെ അച്ഛനും കൊട്ടാരസഭാംഗവുമായ ബ്രബൻഷിയോ എന്ന കഥാപാത്രത്തെ അങ്ങുന്ന്, മൂപ്പിലാൻ എന്നൊക്കെ പ്രാദേശിക നാട്ടുഭാഷാ വർത്തമാനങ്ങളിൽ അഭിസംബോധന ചെയ്യുന്നുണ്ട്.

കെടാമംഗലം സദാനന്ദന്റെ രമണൻ, വാഴക്കുല തുടങ്ങിയ കഥാപ്രസംഗങ്ങളും കാണികളെ അഭിസംബോധന ചെയ്തുകൊണ്ട് അവതരിപ്പിച്ച് ജനകീയമായവയാണ്. കെടാമംഗലത്തിന്റെ ആദ്യ കഥാപ്രസംഗമായിരുന്നു വാഴക്കുല. സാമൂഹിക അസമത്വങ്ങളെ സമകാലികതയിൽ ബന്ധപ്പെടുത്താനും അടിസ്ഥാന വർഗ്ഗത്തിന്റെ വിമോചനം എല്ലാക്കാലത്തും സുപ്രധാനമാണെന്ന് ബോധ്യപ്പെടുത്താനും വാഴക്കുലയുടെ കഥാപ്രസംഗ സംവിധാനത്തിലൂടെ കെടാമംഗലം തെളിയിച്ചു. ലളിതമായ ഭാഷയിൽ ആസ്വാദ്യകരമായ ഈണങ്ങളുമായാണ് കെടാമംഗലം കഥാവേദികളെ സമീപിച്ചത്. ഓരോ കാലങ്ങളിലെയും സാമൂഹികവും സാമ്പത്തികവുമായ ജീവിത സാഹചര്യങ്ങളുടെ വിശകലനവും വിമർശനവുമാണ് കെടാമംഗലം കഥാപ്രസംഗകലയിലൂടെ നിർവഹിച്ചത്. പ്രൊഫസർ എം കെ സാനുവിന്റെ അഭിപ്രായത്തിൽ കാവ്യ സംസ്കാരം ജനങ്ങളിലേക്ക് സംക്രമിപ്പിക്കുകയാണ് കെടാമംഗലം ചെയ്തത്. കഥാപ്രസംഗം വിഭാവനം ചെയ്യുന്ന കാണിയും, അതിന്റെ ജനാധിപത്യപരമായ രാഷ്ട്രീയതലവും ബോധ്യപെടുത്തുന്നതാണ് ചിട്ടപ്പെടുത്തലുകളിലെ ഇത്തരം ജാഗ്രതകൾ.

നവോത്ഥാന സങ്കല്പങ്ങളുടെ സജീവ പ്രചാരണം പ്രത്യക്ഷ ലക്ഷ്യമാക്കിയെടുത്ത കഥാപ്രസംഗകലയുടെ അരങ്ങ് പ്രതിനിധാനപരമായി നീങ്ങിയത് കഥാകഥനത്തിന്റെ വിപ്ലവകരമായ സ്ത്രീ അരങ്ങിന്റെ സാന്നിദ്ധ്യത്തിലാണ്. ആലപ്പി ഐഷാബീഗവും, റംലാ ബീഗവും ഈ വഴിയിലെ സവിശേഷ ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നു. മാപ്പിളപ്പാട്ട് ഫോക് ലോറിനെ കഥാപ്രസംഗ പരിസരത്ത് പ്രയോജനപ്പെടുത്തി എന്നതു മാത്രമല്ല, സാമുദായിക പരിഷ്കരണ ഉദ്ദേശ്യത്തോടെ അരങ്ങിലെ സ്ത്രീ സാന്നിദ്ധ്യത്ത രാഷ്ട്രീയ ജാഗ്രതയോടെ സമീപിച്ചു എന്നതു കൂടിയാണ്.

സാമുദായിക അസമത്വങ്ങളെ അതിവർത്തിക്കുന്ന ആശയങ്ങളിലൂടെ മനുഷ്യരെ സംഘടിപ്പിക്കുവാനും വ്യവസ്ഥയ്ക്ക് അതീതമായ കഥാഖ്യാന കലാരൂപം ചിട്ടപ്പെടുത്തുവാനും ഇടയായ സാമൂഹിക സാഹചര്യത്തിന്റെ ഉൽപ്പന്നം മാത്രമല്ല കഥാപ്രസംഗം. വ്യക്തമായ കലാ ബോധ്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് സംവിധാനം ചെയ്ത കലാരൂപമാണ്.. * സാമൂഹിക അസ്വാതന്ത്ര്യത്തിന്റെ കാൽച്ചങ്ങലലകളും കൈവിലങ്ങുകളും പൊട്ടിച്ചെറിയാൻ വേണ്ടിയുള്ള കാലത്തിന്റെ കാഹളം വിളികൾക്കൊപ്പമാണ് കഥാപ്രസംഗവും ജന്മം എടുത്തത് * എന്ന് വി സാംശിവൻ അഭിപ്രായപ്പെടുന്നുണ്ട്. മതധാരകളിലൂടെയുള്ള സാംസ്കാരിക നിർമ്മിതികളെ മറികടക്കുക എന്ന ആലോചനയിലൂടെ കലാസ്വാദനത്തിലെ ജനാധിപത്യത്തിന് ഊന്നൽ നൽകുകയായിരുന്നു കഥാപ്രസംഗ കലയുടെ കേന്ദ്ര ലക്ഷ്യം. ക്ഷേത്ര പശ്ചാത്തലമുള്ള കലകളെ യുക്തിപൂർവ്വമായി സ്വാംശീകരിച്ചാണ് കഥാപ്രസംഗ രൂപത്തെ സംവിധാനം ചെയ്തത്. മാറ്റിനിർത്തപ്പെട്ട ഒരു സമൂഹത്തിന്റെ ദൃശ്യതയിലേക്കുള്ള കാലത്തിന്റെ പരിവർത്തനം എന്ന നിലയിൽ കൂടി കഥാപ്രസംഗജനസ്സിലേക്കുള്ള കലാപ്രവർത്തനങ്ങളെ മനസ്സിലാക്കുന്നു. മതബോധത്തെ വെടിയുന്ന സ്വതന്ത്രമായ കലാസ്വാദനവേദികളെ വിഭാവനം ചെയ്യാൻ കഥാപ്രസംഗത്തിന്റെ അരങ്ങിന് സാധിച്ചു.

സവിശേഷമായ ഒരു ചരിത്ര സന്ദർഭത്തിലെ ലോകബോധ്യങ്ങളോടും വസ്തുതകളോടും കല ബന്ധപ്പെട്ടിരിക്കുന്നു. കലയുടെ സൗന്ദര്യാത്മക അനുഭൂതിയേയും അതിന്റെ ചരിത്രത്തെയും വേർപെടുത്തി മനസ്സിലാക്കുന്നത് യുക്തമല്ല. കാലമാണ് സംവാദ സാഹചര്യങ്ങളെ രൂപപ്പെടുത്തുന്നത് ഇതിനുള്ളിൽ കല ക്രമാനുഗദമായി സംവിധാനം ചെയ്യപ്പെടുന്നു. ജീവിതാനുഭവങ്ങളെ വിനിമയം ചെയ്തുകൊണ്ട് ജനകീയമാക്കപ്പെട്ട ചരിത്രമാണ് കഥാപ്രസംഗത്തിന്റേത്. ചരിത്രവും സാമൂഹിക ജീവിതവും അതിൽ അടയാളപ്പെട്ടുകിടക്കുന്നു. കലയിലും ജീവിതത്തിലും ഉരുത്തിരിഞ്ഞു വന്ന പുതിയ ഭാവുകത്വത്തിന്റെ സ്വത്വത്തെ സ്വതന്ത്രമായ അരങ്ങ് സങ്കല്പത്തിലൂടെ

പ്രതിനിധാനം ചെയ്ത നവോത്ഥാന കലയാണ് കഥാപ്രസംഗം. കല ജനകീയമാകുന്നത് ജീവതവിമർശനം കേന്ദ്ര പ്രശ്നമായി കൈകാര്യം ചെയ്യപ്പെട്ടപ്പോഴാണ്. കലയുടെ സൗന്ദര്യാത്മക തലത്തിൽ നിന്നുകൊണ്ട് അരങ്ങിനെ സാമൂഹിക വിമർശനത്തിന്റെ ഇടമാക്കി, ജനാധിപത്യ ബോധത്തോടെ പരിവർത്തിപ്പിച്ചതാണ് കഥാപ്രസംഗം മുന്നോട്ടുവച്ച അരങ്ങിന്റെ ജനകീയതയ്ക്ക് നിദാനം.

**ഉപദർശനം**

കൂട്ടായ്മയുടെ രാഷ്ട്രീയ ജാഗ്രതയിൽ ബഹുസ്വരമായ അരങ്ങ് സങ്കല്പത്തെ കേരളീയ ആധുനികത വിഭാവന ചെയ്തത് കഥാപ്രസംഗകലയുടെ സംവാദ സാധ്യതകളിലൂടെയാണ്. കലയുടെ അധികാരപരമായ സംവിധാനത്തേയും ചട്ടക്കൂടിനേയും രാഷ്ട്രീയ പ്രക്രിയയെന്നോണം ബഹുമുഖവും സംവാദാത്മകവുമായി പുനർ നിർമ്മിച്ച ചരിത്രദൗത്യമാണ് കഥാപ്രസംഗകല സാധ്യമാക്കിയത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നാടകത്തേക്കാൾ നവോത്ഥാന ബോധ്യങ്ങളെ ചലനാത്മകമാക്കാൻ അരങ്ങിനെ ആദ്യം പ്രയോജനപ്പെടുത്തിയത് 1924ലെ ചണ്ഡാലഭിക്ഷുകിയുടെ ആദ്യാവതരണമാണ്. 1930 കൾക്ക് ശേഷമാണ് നവോത്ഥാനത്തിന്റെ രാഷ്ട്രീയ പ്രാധാന്യം അരങ്ങിൽ മുന്നോട്ടുവെയ്ക്കാൻ നാടകങ്ങൾ ശ്രമിക്കുന്നത്. അതിനു മുൻപ് കഥാപ്രസംഗ വേദികളാണ് ജനാധിപത്യപരമായ അരങ്ങും സംവാദപൂർണ്ണമായ കലാസ്വാദനയിടവും സാധ്യമാക്കിയത്. മലയാളസാഹിത്യത്തിന് പുതിയമാനം നൽകാനും അടിസ്ഥാന ജനവിഭാഗത്തിനിടയിൽ പ്രബുദ്ധതയുടെ രാഷ്ട്രീയമൂല്യം രൂപപ്പെടുത്താനും കഥാപ്രസംഗകലയുടെ കാലത്തിനു കഴിഞ്ഞു. സമതുലിതമായ ജീവിതബോധത്തെ സൗന്ദര്യാത്മകമായി വിനിമയം ചെയ്ത കഥാപ്രസംഗ കല കേരളത്തിന്റെ കലയുടെ മുഖ്യധാരാചരിത്രത്തിൽ ദൃശ്യമല്ല എന്നതാണ് വാസ്തവം. ജനജീവിതത്തോട് ഏറെ ബന്ധപ്പെട്ട് നിന്ന ജൈവികസ്വഭാവമുള്ള കഥാപ്രസംഗ കലയ്ക്ക് കേരളീയ കലകളുടെ ചരിത്രത്തിൽ ഇടമില്ലാതിരിക്കുകയും ജീവിത ചുറ്റുപാടുകളോട് സംവദിക്കാത്ത ക്ലാസിക്കൽ കലകൾക്ക് വ്യക്തമായ ഇടം നൽകുകയും ചെയ്യുന്നത് മേൽകോയ്മ

യുക്തികളിലൂന്നുന്ന ചരിത്രബോധത്തെ മുന്നോട്ട് വെയ്ക്കുന്നു. സമൂഹത്തിന്റെ ദളിതവസ്ഥകളെ പ്രശ്നവൽക്കരിക്കുകയും ജനാധിപത്യപരമായ കലാസ്വാദനസാധ്യകളും, സംവാദസാധ്യതകളും മുന്നോട്ട് വെയ്ക്കുകയും ചെയ്ത ഒരു കലയ്ക്ക് പ്രത്യക്ഷമായ ഇടമില്ല എന്നുള്ളത് കേരളം ഇങ്ങോളമാർജിച്ച നവോത്ഥാന മൂല്യങ്ങളെ ചോദ്യം ചെയ്യുന്നതാണ്. അദൃശ്യതയിലുള്ള ഇത്തരം ചരിത്രത്തിന്റെ വീണ്ടെടുക്കലുകളാണ് സമകാലിക സംസ്കാര പഠനങ്ങൾ നിർവ്വഹിക്കുന്ന രാഷ്ട്രീയ പ്രവർത്തനം. സമകാലികതയിൽ രൂപപ്പെടുന്ന കലകൾക്ക് കാലത്തിന്റെ അഭിരുചി ഭേദങ്ങളെ അതിവർത്തിക്കുന്നതിൽ വ്യക്തമായ പരിമിതികളുണ്ട്. എന്നാൽ പ്രത്യേകമായൊരു ചരിത്ര സംഭവത്തെ അഭിസംബോധന ചെയ്തത് കൊണ്ടല്ല പിന്നീടുള്ള അതിന്റെ സാധ്യതകളെ ചോദ്യം ചെയ്യപ്പെട്ടത്. ഏതൊരു കലയ്ക്കും അതിന്റേതായ അനുഭവമണ്ഡലങ്ങളുണ്ടാകും. അതിന് പുറത്തുപോയി മാറ്റങ്ങളുടെ ഭാഗമായാൽ ആ കലാ സ്വത്വത്തിന് അടിസ്ഥാനപരമായ നിലനിൽപ്പുണ്ടായിരിക്കില്ല. ജനകീയമായ കലകളെ സംബന്ധിച്ച് ഇത് പ്രധാനമാണ്. എന്നിരുന്നാലും അവഗണിക്കപ്പെടേണ്ട ചരിത്രമല്ല കഥാപ്രസംഗകലയുടേത്. അതിന്റെ കാലത്തോട് ഏറ്റവും ചലനാത്മകമായി ഇടപെടാൻ കഴിഞ്ഞ കലാപരമായ സാധ്യതയാണ് കഥാപ്രസംഗമെന്ന പ്രകടനകലാരൂപം മുന്നോട്ടുവെച്ചത്.

ഗ്രന്ഥസൂചി

- ഡോ. കെ. അയ്യപ്പപണിക്കർ - ആഖ്യാനകല - സിദ്ധാന്തവും പ്രയോഗ വിധികളും . മലയാള വിഭാഗം കേരള സർവകലാശാല, കാര്യവട്ടം 1993
- കെ. എൻ. ഗണേഷ് - കുഞ്ചൻ നമ്പ്യാർ വാക്കും സമൂഹവും. വള്ളത്തോൾ വിദ്യാപീഠം, ശുകപുരം 1996
- ഗ്രിഗോറിയസ് - പാശ്ചാത്യ പ്രബുദ്ധതയും ആധുനികോത്തരതയും. മാർഗ്രിഗോറിയസ് ഫൗണ്ടേഷൻ, 1995
- ടി. കെ. ഡി. മുഴപ്പിലങ്ങാട് - കഥാപ്രസംഗ രചന അവതരണം. ചിന്ത

പബ്ലിക്കേഷൻ, തിരുവനന്തപുരം

- പി. പവിത്രൻ - ആധുനികതയുടെ കുറ്റസമ്മതം. എസ്.പി.സി.എസ്, കോട്ടയം 2000
- പി. പി. രവീന്ദ്രൻ- സംസ്കാര പഠനം ഒരു ആമുഖം. ഡി സി. ബുക്സ്, കോട്ടയം 2002
- കെ. കെ. വാധ്യാർ - കഥാപ്രസംഗം എന്ത്? എന്തിന്? എങ്ങനെ?. എൻ. ബി. എസ്, കോട്ടയം 1974
- ഡോ. വസന്തകുമാർ സാംബശിവൻ - സാംബശിവനും കഥാപ്രസംഗകാലവും. എസ്.പി.സി.എസ്., കോട്ടയം 2015
- കെ.വി.ശശി (എഡി.) - സൗന്ദര്യവും രാഷ്ട്രീയവും സാഹിത്യപഠനത്തിലെ സിദ്ധാന്തകാണ്ഡം. മലയാള സർവ്വകലാശാല, തിരൂർ 2022
- ജി. ശങ്കരപിള്ള - മലയാള നാടക സാഹിത്യ ചരിത്രം. കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 1980
- കെ.കെ.ശിവദാസ് - തൃശ്ശൂർ പൂരം പകിട്ടും പെരുമയും. കറന്റ് ബുക്സ്, തൃശ്ശൂർ 2010
- എം.കെ. സാനു - അശാന്തിയിൽ നിന്നും ശാന്തിയിലേക്ക്. ഗ്രീൻ ബുക്സ്, തൃശ്ശൂർ 2013
- എസ്.വി. സുധീഷ് സാം - നാടകം വഴിയും തീരവും. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2018
- സുരേന്ദ്രൻ കൈനകരി - കഥാപ്രസംഗ കലയുടെ നാൾവഴികൾ. സാഹിത്യ അക്കാദമി, തൃശ്ശൂർ 2012
- സൗമ്യ. കെ. സി - കഥാപ്രസംഗം കലയും സമൂഹവും. കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2023
- Mikhail Bakthin - Rabelais and His world. Indiana university 1984

- Richard Bauman - Verbal art as Performance. Illinois: Wave Land press Inc 1988

**ഗവേഷണ പ്രബന്ധങ്ങൾ**

- ധന്യ കീപ്പേരി - കഥാപ്രസംഗം ആഖ്യാന പരിസരവും പ്രത്യയശാസ്ത്രവും. കണ്ണൂർ സർവകലാശാല 2010
- ലക്ഷ്മി ശിവൻ - കഥാപ്രസംഗം കലയും പ്രതിരോധവും ഇരുപതാം നൂറ്റാണ്ട് എന്ന കഥാപ്രസംഗത്തെ മുൻനിർത്തിയുള്ള പഠനം. സംസ്കൃത സർവകലാശാല കാലടി. 2022
- സൗമ്യ. കെ. സി - പൊതുമണ്ഡലവും ഭാവുകത്വവും കഥാപ്രസംഗകലയിലെ പരിണാമങ്ങളെ ആധാരമാക്കിയുള്ള പഠനം. കാലിക്കറ്റ് യൂണിവേഴ്സിറ്റി 2019

**ആനുകാലികങ്ങൾ**

- ഡോ: സ്മിത. ജി നായർ - കാർണിവലിന്റെ ചരിത്രവും കേരള പശ്ചാത്തലത്തിലെ കാർണിവലുകളും. വിജ്ഞാനകൈരളി ഡിസംബർ 2023.

**ലക്ഷ്മി ശിവൻ**

**ഗവേഷക, മലയാളം വിഭാഗം**

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല,കാലടി.**